LIBRARY ARCHIVES Kerala Legislative Assembly

വൈക്കം നിയോജകമണ്ഡലത്തിലെ പദ്ധതികൾ

172 (3008) ശ്രീ. കെ. അജിത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ അഞ്ചുവർഷത്തിനിടയിൽ മൃഗസംരക്ഷണ വകുപ്പിനുകീഴിൽ വൈക്കം നിയോജകമണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികൾ ഏതൊക്കെയാണ്, വെളിപ്പെടുത്തുമോ;

(ബി) മൃഗസംരക്ഷണ വകുപ്പിന്റെ പ്രവർത്തനങ്ങൾക്കായി കഴിഞ്ഞ അഞ്ചു വർഷത്തിതിനിടയിൽ എത്ര തുകയാണ് പ്രസ്തുത മണ്ഡലത്തിൽ ചെലവഴിച്ചതെന്നും ഇതിൽ ഏതെല്ലാം പ്രവർത്തികളാണ് ഇനിയും പൂർത്തീകരിക്കാനുള്ളതെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) അനുബന്ധമായി ചേർക്കുന്നു.*

(ബി) വൈക്കം നിയോജകമണ്ഡലത്തിൽ 2,78,83,412 രൂപ മൃഗസംരക്ഷണ വകുപ്പിന്റെ പദ്ധതി പ്രവർത്തനങ്ങൾക്കായി കഴിഞ്ഞ അഞ്ച് വർഷത്തിനിടയിൽ ചെലവഴിച്ചിട്ടുണ്ട്. കുട്ടനാട് പാക്കേജ് പദ്ധതികളിൽ ബയോവേസ്റ്റ് അസ് മാന്യൂർ എന്ന പദ്ധതി പൂർണ്ണമായും പൂർത്തീകരിച്ചിട്ടില്ല. ടി പദ്ധതി 2016 മാർച്ചിനകം പൂർത്തീകരിക്കുന്നതാണ്.

ഫാമുകൾ

173 (3009) ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സർക്കാർ മേഖലയിൽ ആട്, മുയൽ, കാട, മുട്ടക്കോഴി, ഇറച്ചിക്കോഴി ഫാമുകൾ പുതുതായി ആരംഭിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ഫാമുകൾ ഇതു വഴി എത്ര പേർക്ക് പുതുതായി തൊഴിൽ നൽകാൻ കഴിഞ്ഞുവെന്ന് പറയാമോ;

(സി) പ്രസ്തുത പദ്ധതികൾക്കായി ബജറ്റിൽ ഇതുവരെ എത്ര തുക വീതം അനുവദിച്ചു എന്ന് വിശദമാക്കാമോ ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 1. കൊല്ലം ജില്ലയിൽ കോട്ടത്തറയിൽ മൃഗസംരക്ഷണ വകുപ്പിന്റെയും കൊല്ലം ജില്ലാപഞ്ചായത്തിന്റെയും സംയുക്താഭിമുഖ്യത്തിൽ പ്രതിവാരം 10000 കോഴിക്കുഞ്ഞുങ്ങളെ ഉല്പാദിപ്പിക്കുന്ന ഒരു ഹാച്ചറി തുടങ്ങിയിട്ടുണ്ട്.

2. ആർ.കെ.വി.വൈ.-യിൽ ഉൾപ്പെടുത്തി മലപ്പുറം ജില്ലയിലെ എടവണ്ണയിൽ 6 കോടി രൂപ ചെലവിൽ ഒരു മുട്ടക്കോഴിഫാമും ഹാച്ചറിയും തുടങ്ങുന്നതിനുള്ള പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്.

(ബി) കൊല്ലം ജില്ലയിൽ കോട്ടത്തറയിൽ 4 പേർക്ക് പുതുതായി തൊഴിൽ നൽകിയിട്ടുണ്ട്. എടവണ്ണ ഫാമിൽ ഫാമിന്റെ പണി പൂർത്തീകരിച്ചുകഴിഞ്ഞാൽ മാത്രമേ ജീവനക്കാരെ നിയമിക്കുകയുള്ളൂ.

(സി) കൊല്ലം ജില്ലയിൽ കോട്ടത്തറയിലെ ഫാമിനായി ബഡ്ജറ്റിൽ തുകയൊന്നും അനുവദിച്ചിട്ടില്ല. എടവണ്ണ ഫാമിലേയ്ക്ക് ആർ.കെ.വി.വൈ.-യിൽ 6.0296 കോടി രൂപയുടെ അനുമതിയും ഇതുവരെയായി ഒരു കോടി രൂപ അനുവദിക്കുകയും ചെയ്തിട്ടുണ്ട്.

കൊട്ടിയം താറാവ് വളർത്തൽ കേന്ദ്രത്തിന്റെയും കോഴിത്തീറ്റ ഉല്പാദന കേന്ദ്രത്തിന്റെയും പ്രവർത്തനം

174 (3010) ശ്രീ. ജി. എസ്. ജയലാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം ജില്ലയിലെ കൊട്ടിയത്ത് പ്രവർത്തിക്കുന്ന താറാവ് വളർത്തൽ കേന്ദ്രത്തിലേയും, കോഴിത്തീറ്റ ഉല്പാദന കേന്ദ്രത്തിലേയും നിലവിലെ പ്രവർത്തന പുരോഗതി വ്യക്തമാക്കുമോ;

(ബി) രണ്ട് സ്ഥാപനങ്ങളിലെയും ഉല്പാദന ക്ഷമത എത്രയാണെന്നും, നിലവിലെ ഉല്പാദനം എത്രയാണെന്നും വ്യക്തമാക്കുമോ;

(സി) പ്രസ്തുത രണ്ട് സ്ഥാപനങ്ങളും ലാഭകരമായിട്ടാണോ പ്രവർത്തിക്കുന്നത്, അല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ?